**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6757** **11-11-2021 - ൽ മറുപടിയ്ക്ക്**

**എ.ആർ.ഡി. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാൽ, മുട്ട, മാംസം എന്നിവയിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച എ.ആർ.ഡി. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | പാൽ, മുട്ട, മാംസം എന്നിവയിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത എന്ന ലക്ഷ്യം മുൻ നിർത്തിയാണ് മൃഗസംരക്ഷണ വകുപ്പിൽ എ ആർ ഡി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതി ലക്ഷ്യത്തിലേയ്ക്കുള്ള പാതയിലാണ്. ഇടത്തരം ആട് വളർത്തൽ പദ്ധതി, കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശയിനത്തിൽ സബ്സിഡി നൽകുന്ന പദ്ധതി, പോത്തുകുട്ടി വളർത്തൽ പദ്ധതി തുടങ്ങിയവയാണ് ആനിമൽ റിസോഴ്സ് ഡവെലപ്മെന്റ് പദ്ധതിയുടെ കീഴിൽ 2021-22 വർഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികൾ. |
| (ബി) | 2020-21 സാമ്പത്തിക വർഷം പദ്ധതിക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | 2020-21 സാമ്പത്തിക വർഷം പദ്ധതിക്കായി ചുവടെപ്പറയുന്ന രീതിയിൽ തുക അനുവദിച്ചിട്ടുണ്ട്. 1. കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ്- 2020-21 ൽ 19 പെണ്ണാട്ടും ഒരു ആണാട്ടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം 150 യൂണിറ്റ് നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2. പോത്തുകുട്ടി വളർത്തൽ പദ്ധതി - 5- 6 മാസം പ്രായമുള്ള പോത്തുകുട്ടിയെ വാങ്ങുന്നതിന് ഒരു കർഷകന് 10,000/- രൂപ വീതം സംസ്ഥാനത്തെ 2000 ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നതിനായി ആകെ 200 ലക്ഷം രൂപ അനുവദിച്ചു. |

സെക്ഷൻ ഓഫീസർ